


ROOTS
DGHSS TANUR

# ആമുഖം



ചിതലിന്റെ പുരാണത്തിൽ
നിന്നും ചിറകാലുയർന്ന്
പാറി പാറി ശലഭങ്ങളായി
നാം ഇവിടെ
ഈ മായന്റെ ഇന്ദ്രപ്രസ്ഥത്തിൽ
പാറി നടക്കുന്ന
ഈ കാലത്ത്
വേരുകൾ മണ്ണിലേക്ക്
ആഴ്ന്നിറക്കി ജലം സംഭരിക്കുന്ന
നമ്മ   മരത്തെ ശലഭങ്ങൾ
ആകിയ നമ്മെ കൊണ്ട്
പൊതിയാം........



വേരുകൾ ചങ്ങാത്തത്തിന്റെ

പ്രതീകങ്ങളാണ്.................

നിശ്ചിത വഴികളില്ലാതെ

പുതിയ പുതിയ

ഇടങ്ങളിലേക്ക് അത്

പടർന്ന് പടർന്ന്...................


ദേവധാറിലും തണൽ

വിരിക്കുന്ന ഈ


മഹാമരങ്ങൾക്ക്

ചുവട്ടിൽ ആരും

# സമർപ്പണം


ആത്മാർത്ഥതയുടെ
നിലാവിലേക്കാണിവർ
പ്രകാശം പരത്തുന്നത്,
ദേവധാറിന്റെ
അടിസ്ഥാന
ശിലകൾ.....
ഇവരാറുപേർ
അധ്യാപനത്തിന്
വിരാമമിട്ടപ്പോൾ
ഞങ്ങളറിയുന്ന
അവിരാമം....
ആ ഓർമ്മകളാണ്
ഞങ്ങളെ നയിക്കുന്നത്....
ദേവധാറിലെ ഈ
മഹാ വൃക്ഷങ്ങൾക്ക്
ROOTS
സമർപ്പിക്കുന്നു...........

## ആശംസ



**പി.കെ.ബാബു**
**ഹെഡ്മാസ്റ്റർ**

**സാങ്കേതിക വിദ്യ നമ്മുടെ പഠന , പാഠ്യനുബന്ധ മേഖലകളുടെയെല്ലാം അനിവാര്യ ഘടകമായി മാറിക്കൊണ്ടിരിക്കുകയാണല്ലോ.കുട്ടികളിലെ ഇത്തരം കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി പ്രവർത്തിക്കുന്ന ദേവധാർ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലെ അംഗങ്ങൾ ഒരുക്കുന്ന ROOTS എന്ന ഇ – മാഗസീനിന് എല്ലാവിധ ആശംസകളും നേരുന്നു.**

## ഉള്ളടക്കം


....................................................................................................6
ചിറകൊടിഞ്ഞ കിനാവുകൾ....................................................................................7
അന്നു പെയ്ത മഴയിൽ....................................................................................8
സ്വർണ്ണബംഗ്ലാവ്....................................................................................9
മണ്ണ്....................................................................................10
ആടുജീവിതം - ബെന്യാമിൻ....................................................................................11
മധുരിക്കും കുട്ടികാലം....................................................................................12
....................................................................................................12
മരണം....................................................................................13
മേഘം....................................................................................14
മുത്തശ്ശി....................................................................................15
പ്രതീക്ഷയുടെ കാൽപ്പാടുകൾ....................................................................................16
പ്രകൃതി....................................................................................17
വരകളിലൂടെ....................................................................................18
ഡൗൺലോഡ്....................................................................................19
ലാസ്റ്റ് മെസേജ് ഓർ ഫസ്റ്റ്....................................................................................20
പഴയ ഓർമകൾ....................................................................................23
. ഒരു യാത്ര....................................................................................24
കൂടെയുണ്ട്....................................................................................25
*ഉറവ്.*....................................................................................27
കന്യാകുമാരിയിൽ....................................................................................28
ഒഴുകിയകലുന്ന....................................................................................29
ജീവിതം....................................................................................29
ചൂരൽമുറി....................................................................................30
ബാല്യകാലം....................................................................................31
മഴ....................................................................................32
അമ്മ....................................................................................33
യാത്രയുടെ അന്ത്യം....................................................................................34

കഥ

# ചിറകൊടിഞ്ഞ കിനാവുകൾ

ഇത് മറ്റൊരാളുടെ ജീവിതമോ അവസ്ഥയോ ഒന്നും തന്നെയല്ല. ഇത് എന്റെ ജീവിതം തന്നെയാണ്. പാതി വഴിയിൽ ഉപേക്ഷിക്കപ്പെട്ട എന്റെ വിദ്യാഭ്യസം. വീട്ടുകാരുടെ പിടിവാശിക്ക് തലകുനിക്കേണ്ടി വന്ന എന്റെ ദുരിതാവസ്ഥ. കളിയും ചിരിയും നിറഞ്ഞ എന്റെ കുട്ടിക്കാലം. കൂട്ടുകാരോടും അധ്യാപികമാരോടും കളിവാക്കുകളും തമാശകളും പറഞ്ഞ് തീർത്ത ആ കാലം എത്ര പെട്ടെന്നാണ് എനിക്ക് നഷ്ടമായത്. എല്ലാം ഒന്നു കണ്ണടച്ചു തുറന്നപ്പോഴേക്കും എന്നിൽ നിന്ന ും എത്രയോ അകലെ ആയതുപോലെ.


കളിയും കുസൃതികളും നിറഞ്ഞ ഓടിച്ചാടി നടന്ന സ്കൂൾ വരാന്തകൾ/ ക്ലാസ് മുറികൾ എല്ലാം എല്ലാം എനിക്ക് ഇപ്പോൾ വായിച്ചു തീർത്ത ഏടുകൾ മാത്രം. പതിനെട്ടാം വയസ്സ് തികയുന്നതിനു മുൻപ് തന്നെ എന്റെ വിവാഹം കഴിഞ്ഞു. ഒട്ടും താല്പര്യം ഇല്ലാത്ത എന്നെക്കൊണ്ട് പിടിവാശിയിൽ എൻെറ വീട്ടുകാർ എന്നെ ആ ഘട്ടത്തിൽ എത്തിച്ചു. എൻെറ സ്വപ്നങ്ങൾ എല്ലാം പാതി വഴിയിൽ എനിക്ക് ഉപേക്ഷിക്കേണ്ടി വന്നു എന്നുള്ളതാണ് സത്യം. കുട്ടിക്കളി മാറാത്ത പ്രായം ഞാൻ മറ്റൊരാളുടെ ഭാര്യ ആണ് എന്നുള്ള സത്യം ഞാൻ ദിനം ദിനം എന്നെ തന്നെ പറഞ്ഞു പഠിപ്പിച്ചു. സ്വന്തം വീട്ടിൽ നിന്ന് ഭർത്താവ് വീട്ടിൽ എത്തിയ ഞാൻ ശരിക്ക ും ഒറ്റപ്പെടുകയായിരുന്നു. ആരും കൂട്ടിനില്ലാത്ത പോലെ ഒരു തോന്നൽ ശരിക്കും പറഞ്ഞാൽ ഞാൻ ആ വീട്ടിൽ ഒരു മരുമകൾ ആയിരുന്നില്ല അവരുടെ ആട്ടും തുപ്പ ും സഹിക്കാൻ വിധിക്കപ്പെട്ട അവരുടെ അടിമയായിരുന്നു. എൻെറ ജീവിതത്തിലെ എല്ലാ സ്വപ്നങ്ങളും ആഗ്രഹങ്ങളും മുന്നിൽ ഞാൻ തോറ്റു കൊണ്ടിര ുന്നു. ദിനം ദിനം ഞാൻ ആ വീട്ടുകാരടെ ഓരോ പ്രവർത്തിയിൽ അങ്ങേയറ്റം അനുഭവിച്ചു. എങ്കിലും ഇവിടത്തെ ദുരിതജീവിതം എൻെറ വീട്ടുകാരെ അറിയിക്കാൻ എൻെറ മനസ്സ് എന്നെ സമ്മതിച്ചില്ല അങ്ങനെ ഞാൻ ഓരോ ദിവസവും ആ വീട്ടിൽ ഒരു അടിമയെ പോലെ ജീവിക്കേണ്ടി വന്നു എൻെറ അവസ്ഥയെ പോലെ ലോകത്ത് ഒരു പെൺകുട്ടിക്കും ഈ അവസ്ഥ വരരുതെന്ന് പ്രാർത്ഥിക്കുകയാണ് ഞാനിപ്പോൾ ............

മുഹമ്മദ് സുഹൈൽ. V

9.c

കവിത

# അന്നു പെയ്ത മഴയിൽ



*ഞാൻ നനഞ്ഞ ആടി  നിൽക്കുന്നു*

*ഓർമ്മയായി മായുന്നു*

*എൻെറ ഇതളുകൾ*

*മണ്ണിൽ സമർപ്പിക്കുന്നുഞാൻ*

*പിന്നെയും ആ ചെടിയിൽ ആയി*

*ഒരു കൊച്ചു പൂവിരിയാൻ ആയി*

*ഞാൻ എത്ര നാളായി ആശിക്കുന്നു*

*പിന്നെയും എന്റെ ഇതളുകൾ മണ്ണിൽ*

*ANJANA*
*8A*

കഥ

# സ്വർണ്ണബംഗ്ലാവ്

ഒരു ഗ്രാമത്തിൽ ഒരു മകനും അച്ഛനും ഉണ്ടായിരുന്നു.അവർ വളരെ പാവപ്പെട്ടവർ ആയിരുന്നു.അച്ഛന്റെ പേര് ഗോപാലൻ എന്നും മകന്റെ പേര് രാമു എന്നുമായിരുന്നു. ഗോപാലന് തോണിയിൽ ആളുകളെ അക്കരെ കൊണ്ടുപോകുന്ന ജോലി ആയിരുന്നു.ഒരിക്കൽ അദ്ദേഹം വെള്ളത്തിൽ മുങ്ങി പോകുന്ന ഒരു മാനിനെ കണ്ടു.അദ്ദേഹം തോണിയിൽ നിന്ന് വെള്ളത്തിലേക്ക് ചാടി മാനിനെ രക്ഷിച്ചു.പെട്ടെന്ന് അദ്ദേഹം ഒരു വലിയ സ്വർണ ബംഗ്ലാവ് കണ്ടു. ഗോപാലൻ അതിന്റെ അടുത്ത് ചെന്ന് നോക്കിയപ്പോൾ അത് മുഴുവൻ സ്വർണമായിരുന്നു. ഗോപാലൻ അതിശയപെട്ടുപോയി .അകത്തേക്ക് ഗോപാലൻ കയറി നോക്കിയപ്പോൾ അതിനുള്ളിലെ സാധനങ്ങൾ മുഴുവൻ സ്വർണം ആണെന്ന് മനസ്സിലായി .പെട്ടെന്ന് ബംഗ്ലാവ് സംസാരിക്കാൻ തുടങ്ങി .ഗോപാലനോട് ബംഗ്ലാവ് നാളെ വരുമ്പോൾ പത്ത് വർഷം മുൻപുള്ള എന്തെങ്കിലും സാധനം കൊണ്ടുവരാൻ പറഞ്ഞു.പിറ്റേദിവസം ഗോപാലൻ ഒരു കട്ടിൽ എടുത്തുകൊണ്ട് ബംഗ്ലാവിലേക്ക് ചെന്നു. അത് തറയിൽ വെക്കാൻ ബംഗ്ലാവ് പറഞ്ഞു. അദ്ദേഹം അത് തറയിൽ വെച്ചപ്പോൾ കട്ടിൽ സ്വർണ്ണമായി മാറി. അതു ഗോപാലൻ ഗ്രാമത്തിലെ സ്വർണ്ണക്കടയിൽ കൊടുത്ത് പണം വാങ്ങി. എന്നും ഇദ്ദേഹം ഓരോ വസ്തുക്കൾ സ്വർണമാക്കി കൊണ്ടുപോയി വിൽക്കാൻ തുടങ്ങി. അയാൾ വലിയ പണക്കാരനായി മാറി . കൂടാതെ ഒരു അത്യാഗ്രഹിയും.അദ്ദേഹം തന്റെ വീടിനടുത്തുള്ള ഒരു അയൽവാസിയുടെ വീട്ടിൽ പോയി ഒരു വലിയ പെട്ടി മോഷ്ടിച്ചു. തന്റെ മകനായ രാമുവിനെ കൂട്ടി ബംഗ്ലാവിലേക്ക് പോയി അദ്ദേഹം വലിയ പെട്ടി സ്വർണ്ണമായാൽ ധാരാളം കാശ് കിട്ടും എന്ന് വിചാരിച്ചു പക്ഷേ അത് സ്വർണ്ണമായി ഇല്ല.പകരം അദ്ദേഹത്തിന്റെ മകനായ രാമു സ്വർണ്ണമായി മാറി. അദ്ദേഹം വളരെയധികം വിഷമിച്ചു.പെട്ടെന്ന് ഒരു വലിയ പാമ്പ് അവിടെ പ്രത്യക്ഷപ്പെട്ടു.അത് ഗോപാലനോട് പറഞ്ഞു താൻ ഒരു അത്യാഗ്രഹിയായി മാറിയതുകൊണ്ടാണ് പെട്ടി സ്വർണം ആകുന്നതിനു പകരം തന്റെ മകൻ സ്വർണ്ണമായത്. ഗോപാലൻ പാമ്പിനോട് ക്ഷമചോദിച്ചു. അന്നു മുതൽ അയാൾ അയാളുടെ അത്യഗ്രഹം മാറ്റി പാവപ്പെട്ടവരെ സഹായിച്ചു. അയാൾക്ക് അത്യാഗ്രഹം ആപത്തിലേക്കാണ് വഴി കാണിക്കുക എന്ന് മനസിലായി

Shamna. P

8.A

കവിത

# മണ്ണ്

എങ്ങുപോയി  എങ്ങുപോയി
വൻ കുന്നുകളൊക്കെയും
എങ്ങുപോയി  എങ്ങുപോയി
വൻ കാടുകളൊക്കെയും
ഒഴുകും നദീ തൻ പാട്ടിനിടർച്ചയായ്...
കുയിൽ തൻ ചരമഗീതവുമായ്...
ചെകുത്താന്റെ നാടായി മാറുന്നു...
മറയുന്നു...

ആസ്വാദന കുറിപ്പ്

# ആടുജീവിതം

## - ബെന്യാമിൻ




150 പതിപ്പുകൾ പിന്നിട്ട പ്രസാധന രംഗത്തെ സുവർണരേഖ ആയി മാറിയ അറേബ്യയിലെ മലയാളികളുടെ അടിമ ജീവിതത്തിന്റെ രേഖയായി പ്രഖ്യാപിക്കപ്പെട്ട ഈ കൃതിക്ക് കേരള സാഹിത്യ അക്കാദമി അവാർഡ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. അറബിനാട്ടിലെ സ്വർഗ്ഗം സ്വന്തമാക്കാൻ കൊതിച്ച യുവാവ് ജീവിതം നിലനിർത്താൻ പാടുപെടുന്ന അവസ്ഥയിലേക്ക് എത്തിപ്പെടുന്നതും അവസ്ഥയുമായി പ്രാധാന്യം പ്രാപിക്കുന്നതും രക്ഷപ്പെടാനുള്ള അയാളുടെ ചിന്തകളും അയാളുടെ മനോവികാരങ്ങൾ ഒരു ചിത്രം എന്ന പോലെ വായനക്കാർക്ക് പകർന്ന് നൽകാൻ കഥാകാരന് കഴിഞ്ഞു എന്നതാണ് ഈ കൃതിയുടെ വിജയം. കുടുംബത്തിലെ പ്രാരാബ്ധങ്ങൾ മാറ്റാനും സുന്ദരമായ ജീവിതം കെട്ടിപ്പടുക്കുവാനുംയി അറബി നാട്ടിലെത്തിയ കഥാനായകൻ തീർത്തും ദുസ്സഹമായ സാഹചര്യത്തിലും തൊഴിൽമേഖലയിലും എത്തിപ്പെടുകയും ഒരു അടിമജീവിതം നയിക്കപ്പെടുകയും ചെയ്യുമ്പോൾ ഉള്ളിൽ ചെന്നാൽ സ്വപ്നങ്ങളും കുടുംബത്തെ കുറിച്ചുള്ള ചിന്തകളും അവനിൽ നിന്ന് വിട്ടു പോകുന്നു നോക്കി സമയവും കണക്കുകൂട്ടി എത്താനായി പാടുപെട്ട ഏത് സാഹചര്യവുമായി സമരസപ്പെട്ടു പോകാൻ കഴിയുന്ന മനുഷ്യന്റെ കഴിവിനെയും മനസ്സ് ആദ്യത്തെയും ഈ കൃതിയിൽ ഉടനീളം വരച്ചുകാട്ടുന്നു. ജീവിതത്തിലെ ശോഭനമായ ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകൾ അസ്തമിച്ച് എങ്കിലും ഈ അടിമ ജീവിതത്തിൽ നിന്നും മോചനം ഉണ്ടാകും എന്ന പ്രതീക്ഷയിൽ നിലനിർത്താൻ കഥാനായകന് കഴിഞ്ഞു .മനുഷ്യ നിസ്സാരമെന്ന് കരുതുന്ന പല കാര്യങ്ങളിലും കരുതലോടെ ഇടപെടുന്ന അദൃശ്യ ശക്തിയുടെ സാന്നിധ്യം മനുഷ്യജീവിതത്തിൽ എന്നപോലെ ഈ കൃതിയിലുടനീളം അനുഭവിച്ച അറിയാവുന്നതാണ് നരകതുല്യമായ ജീവിതം നയിക്കുന്ന ജീവിതത്തിലെ പ്രത്യാശകളും പ്രതീക്ഷകളും അവസാനിച്ചു എന്ന് കരുതുന്ന എല്ലാവരിലും പ്രതീക്ഷയുടെ ഒരു പൊൻകിരണം ചാർത്തുവാൻ ശ്രദ്ധയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ബെന്യാമിന് ആടുജീവിതം ജീവിതത്തിൽനിന്നും ചീന്തിയെടുത്ത ഒരേട് അല്ല, ചോരവാർന്ന ജീവിതം തന്നെയാണ്. സഹൃദയരായ വായനക്കാർ മാത്രമല്ല ജീവിതത്തിലെ സമസ്ത തലത്തിലുള്ള മുഴുവൻ ആളുകളും വായിച്ചിരിക്കേണ്ട പുസ്തകം എന്ന കൃതി ഒട്ടും അതിശയോക്തിയില്ലാതെ വിശേഷിപ്പിക്കാം.

ദേവിക ഐ
9A

കഥ

# മധുരിക്കും കുട്ടികാലം

"

കമലാ...കമലാ...നാശം....ഇവളെവിടെ പോയി കിടക്കാണ് "? മൂക്കത്ത് ശുണ്ഠിയുമായി ദിവാകരൻ മാസ്റ്റർ പടികടന്നു വന്നു. അയൽ പക്കത്ത് സൊള്ളാൻ പോയ കമല എങ്ങനെ അത് കേൾക്കും. "അമ്മേ അച്ഛൻ ദേ വിളിക്കുന്നു" മീനൂട്ടി ഓടിപ്പോയി കമലയോട് പറഞ്ഞു. ജോലി കഴിഞ്ഞ് വരുമ്പം ഭാര്യയെ കണ്ടില്ലെങ്കിൽ ദിവാകരൻെറ വീട്ടിലിത് പതിവാണ്. മനസ്സിനു സുഖമില്ലെങ്കിൽ കമലയുടെ കവിളും ചുവന്നിരിക്കും.

പ്രണയിച്ച് വിവാഹം കഴിച്ച് മൂന്ന് പെൺമക്കളുടെ മാതാപിതാക്കളായ കമല-ദിവാകരൻെറ വീടാണിത് ഇവിടെ എല്ലാമുണ്ട് എന്നാൽ മൂന്നാമത്തെ മകളായ മീനാക്ഷി കാണുന്നത് അച്ഛൻെറയും അമ്മയുടെയും തീരാത്ത അടിപിടിയാണ്. അവളൊരിക്കലും ആഗ്രഹിക്കാത്തതും ഈ വഴക്കാണ് അതുകൊണ്ട് തന്നെ വിവാഹപ്രായമായപ്പോൾ അവൾ സ്വപ്നം കണ്ടത് വഴക്കില്ലാത്ത ഒരു ദാമ്പത്യമാണ്.

സാജൻ വളരെ നല്ല ഒരു യുവാവാണ് എന്നാൽ ചക്കയുടെ അകത്തെ കാര്യം അത് മുറിച്ച് നോക്കിയാലല്ലേ അറിയൂ. എന്നാൽ വിവാഹം ഉറപ്പിച്ചതു മുതലേ മീനാക്ഷിയുടെ കരളുരുകാൻ തുടങ്ങി. അവൾക്ക് ഭാവി വരനെ സ്നേഹിക്കാനേ കഴിയുന്നില്ല.വഴക്കടിച്ച് കൊണ്ടാണ് സാജൻ സംസാരം തുടങ്ങുന്നത് അല്ലെങ്കിൽ എങ്ങനെയെങ്കിലും വഴക്കിലെത്തിപോകും. മീനാക്ഷി അച്ഛന്റെടുത്ത് കാര്യം പറഞ്ഞു. എന്നാൽ അച്ഛൻ പറഞ്ഞത് " മോളെ , നിന്റെ കാര്യം കൂടി മംഗളമായാലേ എനിക്ക് സുഖമായി കണ്ണടയ്ക്കാൻ കഴിയൂ.എല്ലാം ശരിയാകും."ഇനി ആരോടും പറഞ്ഞില്ല .കുട്ടിക്കാലത്തെ കമലയും ദിവാകരനും കളി തന്നെ തനിക്കും വിധിച്ചിട്ടുള്ളത്.

ദിവാകരൻ മാസ്റ്റർ സമൂഹത്തിൽ നിലയും വിലയുമുള്ള ഒരു മാനന്യനാണ് , ഈശ്വര വിശ്വാസിയും . കല്യാണ പാച്ചിലിൽ അദ്ദേഹം ഓടി നടന്നു. എല്ലാം നിശ്ചയിച്ചു.ഇനി മരുമകനെ ഒന്നു കൂടി വിളിക്കാം . സാജന്റെ സംസാരം അത്ര രസമുള്ളതല്ല. അതിലൊരു ധിക്കാരം സ്ഫുരിക്കുന്നുണ്ടായിരുന്നു . ഒരു അമ്മായിഅച്ഛനോട് സംസാരിക്കുന്ന ട്യൂണിലല്ല . മീനു പറഞ്ഞതിലും കാര്യമുണ്ട്. എന്തോ ഒരു പൊരുത്തക്കേട് മണക്കുന്നു. ദിവാകരൻ തളർന്നു പോയി .ക്ഷണകത്തു വരെ അടിച്ചു കഴിഞ്ഞു. എന്നാൽ എന്റെ പൊന്നു മോളുടെ ഭാവി നോക്കാതെ ഒന്നും ചെയ്യാൻ കഴിയില്ല. ഇതു വേണ്ട...... പിന്നെയൊന്നും നോക്കിയില്ല. ദയനീയതയോടെയാണ് പിന്നെയെല്ലാവരും മീന്ക്ഷിയെ നോക്കിയത്. എന്നാൽ മീനാക്ഷി വളരെ സന്തോഷവതിയാണ്. അവൾക്ക് ഇനി കമല – ദിവാകരൻ കളി കളിക്കേണ്ടല്ലോ. കുട്ടിക്കാലം മധുരമുള്ളതായിരിക്കണം. തന്റെ മക്കളുടെ ബാല്യം മധുരമുള്ളതാവണമെങ്കിൽ സാജൻ പോകുക തന്നെവേണം. മീനാക്ഷി വീണ്ടും മധുരിക്കും ഓർമകളുള്ള ഒരു കുട്ടിക്കാലം സ്വപ്നം കാണാൻ തുടങ്ങി.

Athulya P
10 I

ലേഖനം

# മരണം

ചില നേരത്ത് നമ്മൾ തനിച്ചാകാറുണ്ട്. ആർക്കും വേണ്ടാതെ ഒറ്റപ്പെടാറുണ്ട് .വാക്കുകൾക്ക് പോലും വേണ്ടാതെ ,കണ്ണുനീരിനു പോലും മടുത്തു പോകുന്ന ചില നിമിഷങ്ങൾ.

എന്തിന് ? ചില നേരത്ത് സൂര്യൻ ഒന്ന് മാറിയാൽ നിഴൽ പോലും നമ്മെ തനിച്ചാക്കാറുണ്ട്. ഈ നിമിഷങ്ങളിൽ നമ്മുടെ മനസ്സ് തളരും ആ നേരത്ത് ഒരു ഉൻമേഷമായി ഒന്നേ തോന്നാറൊള്ളു

........മരണം........

ഒരു നിമിഷമെങ്കിലും മരണത്തെ ആഗ്രഹിക്കാത്തവരായി ആരുമില്ല. മരണം on the way ആണ്. ഒന്നു മരിച്ചാൽ അറിയാം മറ്റുള്ളവർക്ക് നമ്മൾ എത്രമാത്രം പ്രിയപ്പെട്ടതാണെന്ന്. മരണം അത് ആരെയും കാത്തുനിൽക്കില്ല.

Shikha krishna
8.J

കവിത

## മേഘം

അറിയാതെഅറിയാതഒന്നുംഅറിയാതെഞാൻ
തേങ്ങിക്കരഞ്ഞു പോയി ദുഃഖം
തെളിഞ്ഞു പോയി
ഏതോ എന്തോ മനസ്സിൽ തെളിഞ്ഞു
പോയി പേടിച്ചരണ്ടു ഞാൻ ആർത്തു
വിളിച്ചു പോയിആ ഭീമ രൂപം
ഭയാനകമാം രൂപം നികൃഷ്ട മാം രൂപം
അജ്ഞാത രൂപം കുറ്റൻ മല പോലെ
വലിയൊരു രൂപം മേരി വെളുത്തു തടിച്ച ഒരു രൂപം

—

അർച്ചന. എം
8.A

കവിത

## മുത്തശ്ശി



എൻ മനസ്സിൽ തളങ്ങളിൽ
സ്നേഹമായിരിക്കും മുത്തശ്ശി
ഒഴുകുന്ന ജീവിത നദിയിലെ
ദേവതയാണ് മുത്തശ്ശി
ഒരിക്കലും വറ്റാത്ത കിണറിലെ
ജലമാണ് മുത്തശ്ശി
എത്ര വിഷമം ഉണ്ടെങ്കിലും പുറത്ത്
ഇരിക്കുവാൻ മുത്തശ്ശി
ഒരിക്കൽ ഒരു നാൾ
ഒരു പിടി മണ്ണാൻ മുത്തശ്ശി
പക്ഷേ
മനസ്സിൽ നിന്നൊരിക്കലും മറയില്ല മുത്തശ്ശി

Archana 8A

കഥ

# പ്രതീക്ഷയുടെ കാൽപ്പാടുകൾ



നിലാവിന്റെ ഇരുളലകൾ ബംഗ്ലാവിന്റെ മട്ടുപ്പാവിൽ മരീചികയുടെ വെൺ പാൽ കമഴ്ത്തി. ഇന്ന് എന്തോ ഒരു അജ്ഞാത സ്പർശം കരളിനെ കുളിരണിയിക്കുന്ന തായി അദ്ദേഹത്തിന് തോന്നി. പാദസ്പർശങ്ങൾ മണൽതരികളിൽ ആമോദത്തിന്റെ അലകൾ തീർത്തു.മഞ്ഞിന്റെ നേർ ത്ത ഹിമകണങ്ങൾ അയാളുടെ മൂർദ്ധാവിൽ ചെറുതായി ഒന്ന് ചുംബിച്ചിട്ട് കടന്നുപോയി. ഇരുളിന്റെ നീലുന്ന അഗാധതയിലേക്ക് അയാൾ കണ്ണുംനട്ട് ഇരിക്കാൻ തുടങ്ങിയിട്ട് ഏറെ നാളായിരിക്കുന്നു. ദൈവത്തിന്റെ വിരലുകൾപ്പോലെ അവ അയാളെ തഴുകുന്നു. "ഹാ- നേർ ത്ത ഹിമകണങ്ങൾ



നാളുകൾ ഏറെയായി ഈ കളക്ടറേറ്റ് ബംഗ്ലാവ് ഏകാന്തതയിൽ ആയിരിക്കുന്നു. ഒരു കളക്ടറേറ്റ് പദവിയിലെത്താൻ താൻ അനുഭവിച്ച കഷ്ടപ്പാടുകൾ ആലോചിക്കുന്തോറും അനിരുദ്ധന് നേരിയ കൈയ്പ്പ് മനസ്സിന്റെ അടിത്തട്ടിൽ രൂപപ്പെടുന്നത് കാണാനായി .ഈ ബംഗ്ലാവിൽ - ഈ നാട്ടിൽ- ഒന്നാംറാങ്കോടെ കളക്ടറേറ്റ് ഓഫീസിൽ ജോലിക്കെത്തിയ അനിരുദ്ധൻ .ഈ ഭൂമി തല കീഴ്മേൽ മറിയുന്നതിന് തൊട്ട് മുൻപുള്ള ആ നിമിഷങ്ങൾ. നൂറ്റാണ്ടുകൾ അഭ്റപാളിയുടെ കനം കീറി ഉതിർത്ത് തന്ന പ്രതീക്ഷകൾ . ഈ സസ്പെൻഷനിലും അയാൾ പ്രതീക്ഷയുടെ കാൽപാടുകൾ തീർത്ത് കൊണ്ട് ഭൂമിയുടെ ചോക്ലേറ്റ് പ്രതലത്തിലൂടെ നടന്നു


***Avanthika***

***9.D***



ലേഖനം

# പ്രകൃതി




പ്രകൃതി ഒരു തുറന്ന പുസ്തകമാണ് .കാഴ്ചയുടെ സുവർണ്ണലോകമാണ്. പ്രകൃതി എന്ന പാഠപുസ്തകത്തെ കണ്ട്കൊണ്ട് വായിച്ച് മനസിലാക്കണം. ഓരോ മൺതരി മുതൽ പാറക്കല്ലുകളുടെയും കഥകൾ കേൾക്കണം. പ്രകൃതി എന്ന അമ്മയുടെ ആഗ്രഹങ്ങൾ ചോദിക്കണം .പ്രകൃതിയുടെ സ്വപ്നങ്ങൾ കാണണം. പ്രകൃതി എന്ന പാഠപുസ്തകത്തിലെ പേജുകളുടെ എണ്ണക്കണക്കുകൾ കൂട്ടാൻ ശ്രമിക്കണം. സ്നേഹത്തിന്റെ പെരുമഴയിൽ പുസ്തകം തണുത്ത് കുളിർക്കണം. ആദ്യ പേജിലെ നല്ല തുടക്കങ്ങൾ അവസാന പേജിലും അതേ തുടക്കങ്ങളോടു കൂടിയും അവസാനിക്കണം

ശിഖ കൃഷ്ണ.സി.കെ
*8J*


രചന

# വരകളിലൂടെ




ANUSREE 9P





AMRUTHA P 9B

കവിത

# ഡൗൺലോഡ്

വേരോടെ ഊറ്റി തറയിലും ചുമരിലും
മോന്തായത്തിലുമെല്ലാം തരി തരികളായ്
ചേർത്തു വെച്ചിട്ടുണ്ട് പുഴയെ.

ചിരിച്ചു പാഞ്ഞ ഉറവകളെ കുന്നുകളുടെ
കരച്ചിൽ കൊണ്ട്മണ്ണിട്ടു മൂടിയിട്ടുണ്ട്.
ഉടലോടെ പൊളിച്ച്മുറ്റത്തു പതിച്ചു വെച്ചിട്ടുണ്ട് പാറയെ.

പച്ചപ്പുകൾ അയവിറക്കാനുള്ള
ചാരുകസേരകളായ് മരങ്ങളെയെല്ലാം ചെത്തിമിനുക്കിയിട്ടുണ്ട്.
ഞാനും ഞാനും എന്ന കടലിന്റെ തിരക്കരച്ചിലുകളെ
അക്വേറിയത്തിന്റെ ചില്ലു ചതുരത്തിൽ
ഒടിച്ചു മടക്കിക്കിടത്തിയിട്ടുണ്ട്.

അമ്പിളി മാമനെയെങ്ങാനും ചോദിച്ചാലോഎന്നു കരുതി
സ്ക്രീൻ ഷോട്ടെടുത്തു വെച്ചിട്ടുണ്ട് നിലാവിനെ .

ഇനി,
മഞ്ഞിനെ മഴയെ ഓഫറുകൾ നോക്കി
ഫ്ലിപ്പ് കാർഡ് വഴി വിറ്റഴിക്കണം.

എന്നിട്ടു വേണം ഡാറ്റ തീർന്ന
അപ്പനെ അമ്മയെ നടതള്ളാനുള്ള
ആപ്പ് കൂടി ഡൗൺലോഡ് ചെയ്ത്
പാതിരാ ചാറ്റിന്റെ ആഴക്കടലിൽ
സ്വസ്ഥമായൊന്നു വലയെറിയാൻ .



റിയാസ് കളരിക്കൽ
H S A മലയാളം

നാടകം

# ലാസ്റ്റ് മെസേജ് ഓർ ഫസ്റ്റ്

തവള : ഓടിക്കോ വെള്ളത്തിൽ ചാടിക്കോ, ഒളിച്ചോ. തവളപ്പിടുത്തക്കാർ.

മീൻ.1 : എന്താടാ തവളക്കുട്ടൻമ്മാരെ നിങ്ങൾക്ക് കരയിലെങ്ങാനും ചാടിനടന്ന് നല്ല വായു ശ്വസിച്ചു കൂടായിരുന്നൊ

മീൻ.2 : ഹോ!... ശ്വാസം മുട്ടുന്നു .ഇത് എന്താ ഒരു മല പോലെ ഒഴുകി വരുന്നത്. തിളങ്ങുന്നു. തവളകളെ അതിനടിയിലൊന്നും പെടെല്ലെ. ആമച്ചാരല്ലെ അവിടെ നിന്ന്ഇറങ്ങിവരുന്നത്

ആമ : ഈ പുഴയിലെ പ്ലാസ്റ്റിക്ക് കുന്നിൻെറ അടിയിൽ കിടന്ന് മരിക്കാനാണെൻെറ യോഗം

{കൂകിക്കൊണ്ട് കുറുക്കൻമാർ വരുന്നു}



കുറുക്കൻ.1 : മീണ്ടല്ലടോ...

കുറുക്കൻ.2 : പിന്നെന്താ പണി.

കുറുക്കൻ.1 : ഞണ്ടുകളെല്ലാം സ്ഥലം വിട്ടു

കുറുക്കൻ.2 : മണ്ടാ ഞണ്ടില്ല, മീനില്ല വെറുതെ ഒന്ന് കൂകിയാൽ അതൊരുസുഖം




{ദൂരെ നിന്ന് ദേശാടന പക്ഷികൾ പാറിക്കൊണ്ട് വരുന്നു. പ്ളാസ്റ്റിക്ക് കൊത്തിവലിക്കുന്നു}

ആമ : ദേശാടനക്കാരെ ദഹിക്കില്ല , പ്ളാസ്റ്റിക്കാ...

ദേശാടനക്കിളി : എന്താ അങ്ങനെ? ഞങ്ങൾ വരുമ്പോൾ ഇവിടെ നിന്ന് എപ്പോഴും നല്ല ഭക്ഷണം കിട്ടും.

ആമ : വേഗം പറന്നു പൊയ്ക്കൊ. പ്ളാസ്റ്റിക്ക് തിന്നാൽ വയറു വീർത്തു ചാകും വെള്ളം കുടിച്ചാൽ കഴിഞ്ഞു. വീണുചാകും.

{പൂച്ചകൾ വരുന്നു}

തവളകൾ : മീനുകളെ തിന്നാൻ വന്നതാകും പൂച്ച സന്യാസി.
പൂച്ച : കളിയാക്കാതെ, ഞങ്ങൾ ടിന്റു മോനെ തിരഞ്ഞു നടക്കുവാ അവൻ പാതിരാക്ക് വീട് വിട്ട് ഇറങ്ങിയതാ
തവള : എന്തിന് ?

{പട്ടികൾ കൂട്ടമായി കരച്ച് ചാടി വരുന്നു}

പൂച്ച : ഓടിക്കോ നായക്കൾ... നായക്കൾ
തവള : ഈ പുഴവക്കത്ത് കൊണ്ട് തള്ളുന്ന അറവു മാലിന്യം തിന്ന് നടക്കുവാ

{കുട്ടികൾ അവയെ കല്ലെറിഞ്ഞ് ഓടിച്ചു കൊണ്ടാണ് വരവ്}


ദേശാടനക്കിളി : കുട്ടികൾ വരുന്നുണ്ട്. ഒന്നും മിണ്ടാതെ ഫോണിൽ കളിച്ചുകൊണ്ടാണ് വരവ്
ടിന്റു : സമയമായി ലാസ്റ്റ് മെസേജിന് വേണ്ടി കാത്തിരിക്കാം
അമീൻ : അതെന്തായിക്കും.
ടിന്റു : എന്താണെന്ന് ചിന്തിക്കരുത് എന്തായാലും അനുസരിക്കണം
അമീൻ : ചിലപ്പോൾ ഈ ഉയർന്ന പാറക്കെട്ടിന് മുകളിൽ നിന്ന് ചാടാനായിരിക്കും
ടിന്റു : എന്തായാലും obey the commands.
തവള : കുട്ടികൾ തീർത്തും അവരുടെ വലയിലകപ്പെട്ടു കഴിഞ്ഞു അവർക്കുള്ള അവസാന മെസേജ് ഞാൻ നൽകാം
പൂച്ച : എന്റെ ടിന്റു മോനെ.
തവള : അറ്റൻഷൻ , ഈ കളിയിൽ നിങ്ങൾക്കുള്ള "Next Task"
ടിന്റു : 'Ready sir' കാണുന്നുണ്ട്
തവള : പുഴയിലേക്ക് ചാടു
അമീൻ : തയ്യാർ {കൂട്ടമായി ചാടുന്നു}
തവള : നിങ്ങൾക്കുള്ള നിധി ആ തിളങ്ങുന്ന മലക്കടിയിലാണ്. അത് മുഴുവൻ വലിച്ച് പുറത്തിട്ടു
കുട്ടികൾ : 'Yes sir' നിധി...നിധി...നിധി... നിധി വേട്ട 'We can start'


shutterstock.com • 1534659788

## {പ്ളാസ്റ്റിക്ക് മുഴുവനും വാരിപ്പുറത്തിടുന്നു}

തവള : നെസ്റ്റ് മെസേജ്.
അമീൻ : യെസ് സർ
തവള : ഈ പുഴയുടെ ഉത്ഭവ സ്ഥാനം വരെ നീന്തണം
ആമ : അയ്യോ കുഞ്ഞുങ്ങൾക്ക് അത് പറ്റുമോ
പൂച്ച : എന്തിനും ധൈര്യം ഉള്ളവരാണ്


കുട്ടികൾ : ചാടിക്കോ... നീന്തിക്കോ...
മീൻ : പാട്ടുപാടിക്കൊണ്ട്
ടിന്റു : ഞങ്ങൾ തകർക്കും
തവള : തിരിച്ചു വരുമ്പോൾ നിങ്ങൾ മാത്രം പോരാ
അമീൻ : പിന്നെ
തവള : ജനങ്ങൾ മുഴുവൻ വേണം



അഭിഷേക്.എ.പി
9.Q

കവിത

# പഴയ ഓർമകൾ



നിലാവിൽ മുങ്ങിക്കുളിച്ച ഒരു രാത്രി. എന്നെ അമ്മ വാരിയെടുത്തു ചോറു കൈയിലെടുത്ത് മുറ്റത്തേക്കു നടന്നു.വാവേ വേഗം വായ തുറക്ക് മാമു തരാം. അമ്മ പറഞ്ഞു. ഞാൻ വാ തുറക്കാൻ മടിച്ചു. അമ്മ വീണ്ടും പറഞ്ഞു മോളെ നീ അത് കണ്ടോ അമ്പിളിമാമ്മൻ എന്തു ഭംഗിയാണ് കാണാൻ. ഞാൻ കണ്ണ് തുറന്ന് കൊണ്ട് മുകളിലേക്ക് നോക്കി. അമ്മ ഒരു ചെറിയ ഉരുള ചോറ് വായിലേക്കു വെച്ചു തന്നു. ഞാൻ അതു ചവച്ചരച്ചു കഴിച്ചു. അപ്പോൾ എൻറെ കുഞ്ഞു മനസ്സിലേക്ക് ഒരു ചോദ്യം വന്നു. അമ്മേ അമ്മേ അമ്പിളിമാമൻ എപ്പോഴാ താഴോട്ടിറങ്ങി വരാ. മോളു ഈ ചോറു മുഴുവനും തിന്നു കഴിയുമ്പോഴേക്കും അമ്പിളിമാമൻ ഇറങ്ങിവരും എന്ന് അമ്മ പറഞ്ഞു. ഞാൻ വേഗം ചോറ് കഴിച്ചു അമ്മയ്ക്ക് വലിയ സന്തോഷമായി. എല്ലാം കഴിഞ്ഞപ്പോൾ ഞാൻ അമ്മയോട് ചോദിച്ചു. അമ്പിളിമാമൻ വന്നില്ലല്ലോ അമ്മേ. ആരു പറഞ്ഞു വന്നില്ലെന്ന് അമ്മ എന്നെ എടുത്തു കൊണ്ടുപോയി വീടിനടുത്തുള്ള കുളത്തിന്റെ അടുത്തെത്തി. വെള്ളത്തിലേക്ക് നോക്കാൻ പറഞ്ഞു. ഞാൻ അത്ഭുതപ്പെട്ടുപോയി അതാ നിൽക്കുന്നു വെള്ളത്തിൽ അമ്പിളിമാമൻ വെള്ളത്തിലിറങ്ങി അമ്പിളിമാമനെ തൊട്ടു എൻറെ മനസ്സിൽ ഒരായിരം പൂർണ്ണചന്ദ്രന്മാ ർ ഒന്നിച്ചു ചോദിച്ചത് പോലെ എനിക്ക് തോന്നി ഞാൻ സന്തോഷം കൊണ്ട് തുള്ളിച്ചാടി.

അർച്ചന. 9. A

## ഒരു തള്ളുകഥ

# ഒരു യാത്ര

*ഞാനും എൻറെ പപ്പയും അമ്മയും എല്ലാവരും കൂടി ഇന്നലെ ഒരു യാത്ര പോയി. എവിടെയാണെന്ന് അറിയുമോ? അമേരിക്കയിൽ ,ഞാൻ അഞ്ചാറ് വട്ടം അമേരിക്കയിൽ പോയിരുന്നു. കാരണം ഞാൻ എൻെറ മൂത്താപ്പ ആയ ട്രംപിനെ കാണാനായിരുന്നു ഞങ്ങൾ കടൽ മുഴുവൻ നീന്തിക്കടന്ന് അമേരിക്കയിലേക്ക് പോയത് . കടൽ എന്ന് പറഞ്ഞാൽ നമ്മൾ കാണുന്ന കടൽ അല്ല. ഒരു ഒന്നൊന്നര കടൽ . കടലിൻെറ അടിയിൽ ഒരു പഴയ യുദ്ധകപ്പൽ .ഞാൻ പോയൊന്ന് അത് ഓണാക്കി നോക്കി. നോക്കിയിട്ട് ഓ എൻെറ ഉമ്മ !, അത് ഓൺ ആയി . കടലിനടിയിലെ എൻറെ കൂട്ടുകാരൻ ആയ മത്സ്യങ്ങളെ വിരുന്നു വിളിച്ചു. എവിടെ വെച്ചാണ് എന്ന് അറിയുമോ? വിരുന്ന് നടന്നത് ഉപ്പാൻറെ ഉപ്പാൻറെ ഉപ്പ ഉണ്ടാക്കിയ ഒരു യമണ്ടൻ ഫ്ലാറ്റിൽ വെച്ചാണ്.ഷാർക്ക് വരെ ഉണ്ടായിരുന്നു. അങ്ങനെ അവർക്ക് അത് നൽകിയതിനുശേഷം യുദ്ധകപ്പൽ കൊണ്ട് ഞങ്ങൾ അമേരിക്കയിൽ പോയി. പെട്ടെന്ന് അമേരിക്കയിൽ എത്തുന്നതിന് മുമ്പ് ഇടിയും മിന്നലും കാറ്റും മഴയും ഒക്കെ വന്നു. കപ്പലിലെ ഒരു സ്വിച്ച് ഓൺ ആക്കിയപ്പോൾ ഒരു വലിയ ജാവ പോലുള്ള ഒരു സാധനം ഞങ്ങൾക്ക് കിട്ടി.കടൽ കുടയായി നിന്നു. പിന്നെ മഴ മാറിയ ശേഷം ഞങ്ങൾ വീണ്ടും യാത്ര തുടങ്ങി .അങ്ങനെ മൂത്താപ്പയെ കണ്ടു . മൂത്താപ്പ, എന്തൊരു ജാഡ! എന്ത് വലിയ കോട്ടും സൂട്ടും ഇട്ട മൂത്താപ്പ ഞങ്ങൾക്ക് ഒരു കോടിരൂപയും ഒരു ഫ്ലാറ്റും തന്നു. അങ്ങനെ ഞങ്ങൾ ആ യുദ്ധക്കപ്പലിൽ തന്നെ തിരിച്ച് നാട്ടിലേക്ക് വന്നു. ഞങ്ങൾ തിരിച്ചു വരുമ്പോൾ കടലിലെ മീനുകൾ ടാറ്റ കാട്ടിത്തന്നു.*

afna jasmin

*7.B*

കവിത

# കൂടെയുണ്ട്



കത്തിജ്വലിക്കും കലാലയം
തീപന്തം അല്ല കത്തുന്നത്
സമരജ്വാല മാത്രം
അടിച്ചമർത്താൻ കഴിയില്ല
നിങ്ങൾക്ക് വിദ്യാർത്ഥി പോരാട്ടവീര്യം
ഒത്തൊരുമ തൻ സന്ദേശം എഴുതി



ഞങ്ങൾ ഒന്ന് എന്ന് വിളിച്ചോതി
ഒന്നിച്ച് ചേർന്ന് നിന്ന
ഈ കലാലയ അണത്തിൽ
ആർക്കും പിരിക്കാൻ ആവില്ല
ഈ കാന്തത്തെ



വെടിയുണ്ട പായും നേരം ഉപേക്ഷിക്കില്ല
ഒരുത്തനെയും ഞങ്ങൾ
കൂടെയുണ്ട്.......
ബന്ധുവായി കൂട്ടുകാരനായി
അവസാനശ്വാസം വരെയും കൂടെയുണ്ട്

നാസിഹ മോൾ
9A

# മികവിന് അംഗീകാരം...



Karthika

State junior soft ball team



Sraddha s pradeep
State school festival
Tabala A grade
winner



Sreehari babu
State school festival
Light mus
winner



Sreelekshmi A
Hurdles& Relay Team
In State



Muhammed Hana
Hurdles & Relay T
National lev



Arya
Junior soft ball
State team capti



Sandra
Junior soft ball
national team
member



Sanjana sajith
State school sports
400 m hurdles
Winner

കവിത

# *ഉറവ്.*



ഒരു വരി കൂടി കുറിച്ചിടേണമീ -
ക്കവിതയിലെന്നു നീ
മൗനമായ് മൊഴിയുന്നു.
പൂക്കളിൽ, ശലഭച്ചിറകടിയിൽ
നേർത്ത കാറ്റിന്റെ സംഗീതത്തിൽ
ആഴിയി,ലാകാശത്തിൽ
ആർത്തു പെയ്യും മഴച്ചന്തത്തിലൊക്കെയും
തേടി നടന്നു ഞാനാ വരി.
കണ്ടതില്ലെങ്ങും തന്നെയൊരു വാക്കും
എനിക്കായ് കാത്തു നിന്നില്ലെവിടെയു-
മൊരൊറ്റ വരി പോലും
പാതിയിലുപേക്ഷിച്ച കവിതതൻ
സങ്കടപ്പേച്ചുകൾ,
നിദ്രാവിഹീനങ്ങളാം രാവുകൾ പോൽ
അത്രമേൽനിരാർദ്രമായ്
വരിഞ്ഞുമുറുക്കവേ,
ദുഃഖമുറഞ്ഞ പർവ്വതശിഖരത്തിൽ
നിന്നൊഴുകിയെത്തിടുന്നു
രക്തവർണ്ണമാംവാക്കുകൾ
കുത്തിയൊലിച്ച് വരുമൊരു നദി.
ഭീതിയാൽ കണ്ണുകളിറുകെപ്പൂട്ടി ഞാൻ
നോവിന്റെയാഴങ്ങളെത്താണ്ടി മുന്നേറാൻ
നോക്കി.
അലച്ചും കിതച്ചുമത്തീരത്തു വന്നെത്തുമ്പോൾ
എത്ര വാക്കുകൾ ചോരയിറ്റുന്നവ,
നിലയ്ക്കാത്ത വേദനച്ചിന്തുകൾ,
അറ്റമില്ലാത്ത വരികൾ
കണ്ണി ചേർത്തനന്തയിലേ
ക്കു നീളുമീക്കവിത ഞാനെങ്ങനെയിനിപ്പാടി നിർത്താൻ സഖേ

*!*സ്വപ്ന റാണി**
HST Malayalam

യാത്ര വിവരണം

# കന്യാകുമാരിയിൽ

അറബിക്കടലിന്റെയും ഇന്ത്യൻ മഹാസമുദ്രത്തിന്റെയും ബംഗാൾ ഉൾക്കടലിന്റെയും സംഗമസ്ഥാനമാണ് കന്യാകുമാരി. കടലമ്മയുടെ നിരന്തര സ്പർശത്താൽ പുളകം കൊള്ളുന്ന മണ്ണ്. കച്ചവടക്കാരുടെ തമിഴിലുള്ള വിലപേശലും കടപ്പുറത്ത് കൊണ്ടുനടന്ന് വിൽക്കുന്ന പീപ്പിളിയുടേയും ശംഖിന്റേയും ശബ്ദം കടൽക്കാറ്റിന്റെ മർമ്മരത്തിൽ കാലങ്ങളായി ലയിച്ച് കിടക്കുന്നു. ദിവസവും ലക്ഷക്കണക്കിന് ആളുകൾ വന്നു പോകുന്നു. കടലിൽ കാണുന്ന വിവേകാനന്ദപ്പാറയും തിരുവള്ളുവരുടെ ശിൽപവും ആരെയും അതിശയിപ്പിക്കുന്നതാണ്.





ബോട്ടിലൂടെ വേണം വിവേകാനന്ദപാറയിലേക്ക് പോവാൻ.വിവേകാനന്ദൻ ധ്യാനത്തിനായി ഇരുന്ന സ്ഥലം പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. ആ കടലിൽ പലയിടത്തായി കാണുന്ന പാറകൾ പോലെയായിരുന്നു പണ്ട് ഇതും .അതിൽ മനുഷ്യന്റെ കലാവിരുതു കൂടി കലർന്നപ്പോൾ അത് അതിഗംഭീരമായി മാറി. നാലുപാടും ചുറ്റപ്പെട്ട ദ്വീപിലാണ് എന്ന തോന്നലാണ് അവിടെ നിൽക്കുമ്പോൾ. പാറയുടെ മുകളിലേക്ക് ഇരച്ചുകയറുന്ന തിരമാലകൾ വായിൽ നരപിണ്ഡവുമായി തിരിച്ചുപോകുന്നു. പകൽസമയം സൂര്യന്റെ തീജ്വാലകൾ ഏറ്റു ആ പാറ തീക്കട്ടകളെ പോലെയിരിക്കും. മതിലുകളിലും മറ്റും കയറി കൈ വിശാലമായി നീട്ടിപ്പിടിച്ചും വിരലുകളെ അസാധാരണമാംവിധം ചലിപ്പിച്ചും മുഖത്ത് വിരിയുന്ന ഭാവഭേദങ്ങൾ ക്യാമറയിലേക്ക് പകർത്തുന്ന ചെറുപ്പക്കാർ. മധുരമൂറുന്ന പലഹാരങ്ങളിലേക്ക് കണ്ണുനട്ട് കള്ള കണ്ണീരൊഴുക്കുന്ന ബാല്യങ്ങൾ. വിനോദ സഞ്ചാരികളായ വിദേശികളെ അന്യഗ്രഹ ജീവികളെപ്പോലെ തുറിച്ചു നോക്കുന്നവർ. സൂര്യോദയവും അസ്തമയവും ആണ് ഇവിടുത്തെ പ്രധാന കാഴ്ച എന്നാൽ മേഘങ്ങൾ കാരണം എൻറെ കന്യാകുമാരിയിലെ ഉദയവും അസ്തമയവും അദൃശ്യമായിരുന്നു.



അനന്യ.സി
*9 A*

കവിത

## ഒഴുകിയകലുന്ന

## ജീവിതം

"ഭയത്തിന്റെ തീ ചൂളകളും
കണ്ണീരിന്റെ നനവും
നിറഞ്ഞ ജീവിതത്തിൽ
ബന്ധങ്ങളുടെ മാധുര്യവും
ഹൃദയത്തിൽ വരച്ച തീർത്ത  ചിത്രങ്ങളും
എല്ലാം കാലത്തിന്റെ മന്ത്രം.
ചിറകുകളുലഞ്ഞൊടിയുമ്പോഴും
ചിതലരിച്ച ഓർമ്മകളിൽ
കാലത്തിന്റെ പാച്ചിലിനിടക്ക്
എവിടെയോ മറന്നു വെച്ച ബാല്യം
മാറി മറയുന്ന ഓർമ്മകൾക്ക്
ഇടയിൽ എവിടെയോ ഓർക്കാതെ
പോയ ജീവിതവും  കാലത്തിന്റെ ഒഴുക്കിൽ
എവിടെയ്ക്കോ  തെന്നി മാറുമ്പോൾ
ക്ഷണിക്കാതെത്തുന്ന അതിഥി
നമ്മെ പുണരുന്നു മരണ കണ്ണാടി
തിരിച്ച നോക്കുമ്പോഴം
ഓർമ്മകളും തീരാത്ത പെരുമഴയും
സമ്മാനിച്ച ഈ ജീവിതം എത്ര
സുന്ദരം ! "

NITHA KRISHNA
9A

കഥ

# ചൂരൽമുറി

ചൂരൽ വേദന വരയ്ക്കുന്ന ഒരു ഉപകരണമാണ്.ഒരു ഏകാധിപതിയുടെ അവസാനത്തെയും ഏറെ ദുർബലവുമായ ആയുധം.കയ്യിലെടുക്കുന്ന സമയത്തെല്ലാം വല്ലാതെ അകം പുകഞ്ഞു നീറും.തിണർത്ത അടയാളങ്ങൾ ഓർമ്മിപ്പിക്കും.തെറ്റ് ചെയ്യാതെ വര വീഴ്ത്തുന്ന വന്യമായ വീശലുകളുടെ മുരൾച്ച കാലമെത്ര കഴിഞ്ഞിട്ടും അകന്നുപോകുന്നേയില്ല.

അവൻ തല കുനിച്ചു നിൽക്കുകയാണ് .ശിക്ഷ സ്വീകരിക്കാൻ.കൈ നീട്ടി മറ്റെങ്ങോ നോക്കി.ഉലയാതെ... ആ ഉള്ളം കൈ അകത്തെവിടെയോ തീ കോരിയിട്ടു.ശ്വാസം പിടഞ്ഞു പിടഞ്ഞു വന്നിട്ടും അവനെ അടിക്കാനാകാതെ ഞാൻ പരാജിതനായി.നിരായുധനായി ആ നില്പിൽ നീണ്ട ചിരികൾക്കകത്തു എനിക്ക് ഒരു വിരാമമായി.കൂട്ടുകാരനെ ചൂണ്ടികാണിക്കാത്തതിന് വേദന തിന്നുന്ന ക്ലാസ്സിലെ ഇളം ഇരുട്ടത്ത് നാൽപതു കണ്ണുകളും ഒരു സമുദ്രമായി.സൗഹൃദത്തിന്റെ ആഴത്തിൽ മുങ്ങിമുങ്ങി പോകുമ്പോഴും കരയാൻ തോന്നിയില്ല.ആ പഴയ ഒമ്പതു ഐയും മൂളിപ്പറന്ന ചൂരൽ പ്രഹരത്തിൽ വീണ വരകളും അത് തൊട്ടു ചിരിച്ച അതേ ചതഞ്ഞ ചിരിയും ചാഞ്ഞുചാഞ്ഞ് പെയ്തു. എല്ലാ ക്ലാസ് മുറികളും എന്നും ഇങ്ങിനെ തന്നെയാണ്. ഉറുമ്പ് കാലുകൾ വരയ്ക്കുന്ന കുഞ്ഞുവരകൾ പോലെ അവ ആരും കാണാതെ വരഞ്ഞിടും.തിണർത്തു പൊള്ളിയ ഒരു ഭൂപടം.

ANIL G T K
H S T SOCIAL SCIENCE

കവിത

## ബാല്യകാലം

ഞാനും അവനും പിണക്കത്തിലാണ്

ഒരു കുഞ്ഞു സ്ലേറ്റ് പെൻസിലിന്


ഞങ്ങൾ തമ്മിൽ അടിച്ചു വൈരാഗ്യവും

ഞങ്ങളെ രണ്ടു ദിശയിൽ എത്തിച്ചു തുടങ്ങിയ

ഈ അവസാന നാളുകളിൽ എനിക്ക് ഒന്നേ പറയാനുള്ളൂ...

നമുക്ക് നഷ്ടമായത് നമ്മുടെ നല്ലകാലമാണ്

ഒരിക്കലും തിരികെ വരാത്ത ബാല്യകാലം



അഭിജിത്ത് കെ
9.A

കവിത

# മഴ

ഉച്ചനേരത്തെ കൊച്ചു മയക്കത്തിൽ

പിച്ചവച്ചെത്തിയ കാർമുകിലെ

തല്ലിച്ചിതറു ചില്ല
കണക്കെയെൻ



മുന്നിലുന്മാദിയായ് നീ
പൊഴിഞ്ഞു

തൈമാവിലെ പൂത്ത ചല്ലകളും

ആടുന്ന കൈതോലക്കൂട്ടങ്ങളും

വെയിലിൽ മയങ്ങും വയൽ പൂക്കളും

മെയ്യലണിഞ്ഞു,കുളിർ മഴയെ.

മഴയൊരു ഗീതകമായിടുന്നുയെൻ

മനമൊരു മയിലായ് ആടിടുന്നു......

നിരഞ്ജൻ.വി
*6.G*

കവിത

# അമ്മ

ഭൂമുഖത്ത് ജനിച്ച നാൾ തൊട്ട് നിൻ
പേര് വ്യക്തമാക്കിയ പാദമുരസിയ കാലം
തൊട്ടെ
സ്വാന്തനം പകർന്നു നിൻ കൈകൾ
കനൽഅറിയാത്ത
നാളെ ആയി
ലഭിക്കമെൻ ദീപമേ
എനിക്കായി
ഉരുകിത്തീരുന്ന
ജന്മസാഫല്യം
എനിക്കായി വെളിച്ചം
പകർന്നു എനിക്കായി
നീ കരുതിവെച്ച നീല
വെളിച്ചത്തിൽ ഒരു ചെറു നാളത്തിൽ
തൃപ്തിയായി മടങ്ങുമ്പോഴും
നിൻ വെളിച്ചം
എന്നും എന്നെ പുണർന്നു



നിത കൃഷ്ണ
9.A

കഥ

# യാത്രയുടെ അന്ത്യം



ആ കാഴ്ച ഭീതിജനകം ആയിരുന്നു ഒന്നേ നോക്കിയുള്ളൂ.... അപ്പോഴേക്കും അയാളുടെ മനസ്സിൽ ഒരു കൊള്ളിയാൻ മിന്നിയിറങ്ങി.മകനെയുംകൂട്ടി മെഡിക്കൽ കോളേജിലെ മലയാളത്തിൽ തലങ്ങും വിലങ്ങും നടക്കുമ്പോഴാണ് കുറിച്ച് ആ വൃദ്ധയുടെ ശരീരം അയാളുടെ കണ്ണിൽ പെട്ടത് ജീവൻ ഉണ്ട് എന്ന് ആരോ പറയുന്നത് കേട്ടപ്പോൾ അയാൾക്ക് അത്ഭുതമാണ് ഉണ്ടായദാരുണമായ ഈ ദൃശ്യം തന്റെ തൻറെ മകൻ കാണേണ്ട എന്ന് കരുതി അയാൾ മെഡിക്കൽ കോളേജിലെ പടവുകളിറങ്ങി ശരീരം അവിടെനിന്ന് സഞ്ചരിച്ചെങ്കിലുംഅയാളുടെ മനസ്സ് എപ്പോഴും ആ വൃദ്ധയെ ചുറ്റിപ്പറ്റി നിന്നിരുന്നു കൂട്ടുകാരൻറെ ഭാര്യയും കുഞ്ഞിനെയും കണ്ടേക്കാം എന്ന് തീരുമാനിച്ചു നശിച്ച നിമിഷത്തെ പ്രാകിക്കൊണ്ട് ബസ് സ്റ്റോപ്പിലേക്ക് നടന്നുഒന്നുമറിയാത്ത മകൻ അപ്പോഴും അയാളുടെ കൈവിരൽത്തുമ്പിൽ തൂങ്ങുന്നുണ്ടായിരുന്നു.നിഷ്കളങ്കമായ ആ മുഖത്തേക്ക് നോക്കിയപ്പോൾ എന്തോ

ഒരു അപായസൂചന അയാളുടെ മനസ്സിൽ എത്തി നാളെ ഇതിരക്കു കുറഞ്ഞ ഒരു ബസ് വന്നപ്പോൾ അയാളുടെ മകനും അതിൽ കയറി സീറ്റിലിരുന്നു മകൻ പുറത്തെ കാഴ്ചകൾ ആസ്വദിക്കുമ്പോഴും അയാളുടെ  മനസ്സ് മെഡിക്കൽ കോളേജിൽ നിന്നും മുക്തി നേടിയിരുന്നില്ല ശാപ ചിന്തകളും അപായസൂചനകൾ ഉം അപ്പോഴും അയാളെ മർദ്ദിക്കുന്ന ഉണ്ടായിരുന്നു എപ്പോഴോ അയാളുടെ ചിന്തകൻ തൻറെ ബാല്യകാലത്തിലെ അച്ഛൻറെ മരണവും അമ്മയുടെ കഷ്ടപ്പാടും എല്ലാം അയാൾ നേരിൽ കാണുകയായിരുന്നു തനിക്ക് വേണ്ടി മാത്രം ജീവിച്ച തൻറെ അമ്മ ഒടുവിൽ വിവാഹ കാര്യത്തിലും അമ്മ എതിർപ്പൊന്നും പറഞ്ഞില്ല

"ഇത്രയും വലിയ ബന്ധം നിനക്ക് വേണോ ....? വാസുവേ ?"

എന്നോ മറ്റോ അമ്മ ചോദിച്ചു പക്ഷേ തൻറെ മുഖം വാടുന്നത് കണ്ടപ്പോൾ അമ്മാതിരി അടുക്കളയിലേക്ക് കയറി അമ്മയുടെ നാടൻ രീതികൾ ഒന്നും സുമതിക്ക് പിടിക്കുന്ന ഉണ്ടായിരുന്നില്ല പിന്നെ ഒന്നും രണ്ടും പറഞ്ഞു അവൾ അമ്മയുമായി വഴക്കുകൂടി രണ്ടുപേരും ചേർന്ന് അത് ശരിയാവില്ല എന്ന് സുമതിയുടെ അച്ഛൻ പറഞ്ഞപ്പോൾ അയാൾ പുതിയ വീട്ടിലേക്ക് താമസം മാറുകയായിരുന്നുതൻറെ ഉണ്ണി വന്നപ്പോൾ പോലും ലും അമ്മയെ വിളിക്കാനോ കൂടെ താമസിപ്പിക്കാൻ അവൾ സമ്മതിച്ചില്ല നേട്ടത്തോടെ അമ്മയെ വിളിക്കാൻ ഉള്ള കഴിവ് അയാൾക്ക് ഉണ്ടായിരുന്നില്ല നല്ല ജീവിതം മാത്രം സ്വപ്നം കാണുന്ന അമ്മ എല്ലാം സഹിക്കുകയായിരുന്നു ചിന്തകൾ കൈലാസം കയറിയപ്പോൾ അയാളുടെ കണ്ണുകൾ അറിയാതെ നിറഞ്ഞു കോട്ടപ്പുറം കോട്ടപ്പുറം എന്ന് ഉറക്കെ വിളിച്ചു പറഞ്ഞപ്പോൾ അയാൾ പെട്ടെന്ന് മകനെയുംകൂട്ടി ബസ്സിൽ നിന്നിറങ്ങിനേരെ കാണുന്ന ഒരു ഇടവഴിയിലൂടെ അയാൾ മുന്നോട്ട് നടന്നു വഴി അയാൾക്ക് വല്ലാത്ത അപരിചിതത്വം ഉണ്ടാക്കി എങ്കിലും അയാൾ മുന്നോട്ട്ഒരു വലിയ നാലുകെട്ട് മുന്നിലായിരുന്നു ആ യാത്രയുടെ അന്ത്യം

അമ്മ എങ്ങോട്ടാ പോവുന്നത് അയാളുടെ മകൻ കൊഞ്ചി ചോദിച്ചു മനസ്സിൽ എന്തോ ദൃഢനിശ്ചയം ചെയ്തത് പോലെ പോലെ മകൻറെ കൈ മുറുകെ പിടിച്ചു കൊണ്ട് അയാൾ പടിപ്പുര കടന്ന് അകത്തേക്ക് പോയി.

ASSAINAR P. U

H.S.T. MALAYALAM




# EDITORIAL BOARD

# പ്രിയപ്പെട്ടവരെ

എഴുത്തും വരയും
എന്നും
ഓർമകളുടെ
അടരുകളാണ്......
സ്നേഹവും
സൗഹൃദവും
നിഴലിടുന്ന
ഈ തണലിൽ
ഒരുമിച്ച
ചങ്ങാത്തത്തിന്റെ
അടയാളവും......

സ്വപ്നങ്ങളിൽ
പടർന്ന വേരുകളിലൂ
ടെയുള്ള
ഈ യാത്രാ പുസ്തകം
നിങ്ങൾക്കായി
*തുടർന്നിടുന്നു.....*



**വേരുകൾക്ക് ഭൂമിയും**

**പറവകൾക്ക് ആകാശവും**
**എന്നാണല്ലോ ......**

**പ്രകൃതി എത്ര മനോഹരമാണ്............**


**മരങ്ങളെ പോലെ**

**വേരുകൾ ആഴ്ത്തി**

**നമുക്കിത്തോപ്പിനെ**

**അലങ്കരിക്കാം ......**

**നന്ദി ......**


DEVADHAR GOVT.HIGHER SECONDARY SCHOOL, TANUR
DGHSS TANUR
ROOTS